(എ) സർക്കാർ പ്രസ്സിൽ അച്ചടിക്കുന്നതിന്റെ ചെലവും സ്വകാര്യ പ്രസ്സുകളിൽ അത്തരം ജോലികൾ ചെയ്യുന്നതിനുള്ള ചെലവും താരതമ്യം ചെയ്തിട്ടുണ്ടോ ; എങ്കിൽ ചെലവ് കൂടുതലാകുന്നത് എവിടെയാണ് ;

(ബി) ഇതിന്റെ കാരണം അന്വേഷിക്കുമോ ;

(സി) എല്ലാ ഷിഫ്റ്റിലും വർക്ക് ചെയ്യാനുള്ള ജീവനക്കാരുടെ കുറവുമൂലം ഓവർടൈം അലവൻസ് കൊടുക്കുന്നതിന് എന്തു ചെലവ് വരും ;

(ഡി) ഇതൊഴിവാക്കാൻ വേണ്ടത്ര ജീവനക്കാരെ നിയമിച്ച് ഓവർടൈം നിർത്തലാക്കുമോ ?

ഉത്തരം

(എ) ഇല്ല. എങ്കിലും സർക്കാർ പ്രസ്സുകളിലെ അച്ചടിയുടെ ചെലവ് സ്വകാര്യ പ്രസ്സുകളുമായി താരതമ്യപ്പെടുത്തുമ്പോൾ പൊതുവേ കൂടുതലായിരിക്കും.

(ബി) പ്രൈവറ്റ് പ്രസ്സുകളിലെ ജീവനക്കാരുടെ വേതനം മറ്റു സർക്കാർ പ്രസ്സുകളിലെ ജീവനക്കാരേക്കാൾ കുറവാണെന്നുള്ളതും സർക്കാർ പ്രസ്സുകളിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് താരതമ്യേന കൂടുതലാണ് എന്നുള്ളതുമാണ് ഇതിനുള്ള കാരണം.

(സി) പ്രതിവർഷം ഏകദേശം രണ്ടു കോടി രൂപയോളം ചെലവ് വരും. എന്നാൽ തെരഞ്ഞെടുപ്പു സംബന്ധമായ അച്ചടി ജോലികൾ പോലെ സമയബന്ധിതമായി ചെയ്തു തീർക്കേണ്ട ജോലികൾ നിർവ്വഹിക്കേണ്ടി വരുമ്പോൾ കൂടുതൽ ഓവർടൈം നൽകേണ്ടി വരും.

(ഡി) നിലവിലുള്ള സർക്കാർ പ്രസ്സുകൾ ആധുനികവൽക്കരിച്ചും സർക്കാർ പ്രസ്സുകൾ ഇല്ലാത്ത ജില്ലകളിൽ കൂടുതൽ സർക്കാർ പ്രസ്സുകൾ ആരംഭിച്ചും ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

സർക്കാരിന്റെ അച്ചടി ജോലികൾ

116 (1679) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ അച്ചടി ജോലികളെല്ലാം സർക്കാർ പ്രസ്സുകൾ തന്നെ നിർവഹിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം വർക്കുകളാണ് പ്രൈവറ്റ് പ്രസ്സുകളിൽ ചെയ്യിക്കുന്നത് ;

(സി) സർക്കാർ പ്രസ്സുകളിൽ ജോലി പൂർണ്ണമായും ചെയ്യിക്കുന്നതിന് ആവശ്യമായിട്ടുള്ള മെഷീനുകളുടേയും ജീവനക്കാരുടേയും കുറവും നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ കൂടുതൽ ഗവൺമെന്റ് പ്രസ്സുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ എവിടെയെല്ലാം ?

ഉത്തരം

(എ) ഭൂരിഭാഗം അച്ചടി ജോലികളും സർക്കാർ പ്രസ്സുകളിൽതന്നെയാണ് ചെയ്യുന്നത്.

(ബി) സർക്കാരിന്റെ അച്ചടി ജോലികൾ പ്രൈവറ്റ് പ്രസ്സുകളിൽ ചെയ്യിക്കാറില്ല. എന്നാൽ തിരുവനന്തപുരത്തെ ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, എറണാകുളത്തെ കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ അച്ചടി ജോലികൾ ചെയ്യിക്കാറുണ്ട്.

(സി) ഉണ്ട്.

(ഡി&ഇ) ഉണ്ട്. കൊല്ലം ജില്ലയിലെ ഉമയനല്ലൂരിൽ ഒരു ഗവൺമെന്റ് പ്രസ്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാണ്. കൂടുതൽ സർക്കാർ പ്രസ്സുകൾ ഇല്ലാത്ത എല്ലാ ജില്ലകളിലും സർക്കാർ പ്രസ്സുകൾ ആരംഭിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

ഗസറ്റ് വിജ്ഞാപനം

117 (1680) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-ൽ നടന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ടവരുടെ ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിച്ചത് എന്നാണ് എന്ന് അറിയിക്കാമോ ;

(ബി) ഇത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നൽകിയിട്ടുണ്ടോ ഇല്ലെങ്കിൽ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഗസറ്റ് എത്ര പേജായിരുന്നു ; അവ എത്ര കോപ്പി വീതമാണ് അച്ചടിച്ചത് എന്നറിയിക്കുമോ ;

(ഡി) പ്രസ്തുത ഗസറ്റ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും അയച്ചു കൊടുക്കാതെ അവ വേസ്റ്റ്പേപ്പറിന്റെ ഗണത്തിൽപ്പെടുത്തി തൂക്കി വിറ്റിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിനുത്തരവാദികൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 20-11-1995-ൽ 1167-ാം നമ്പർ അസാധാരണ ഗസറ്റായാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇല്ല. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശ പ്രകാരമാണ് ഈ ഗസറ്റ് അച്ചടിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കോപ്പി നൽകുന്നതിന് നിർദ്ദേശം ഇല്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly